കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**[www.lfa.kerala.gov.in](www.lfa.kerala.gov.in)**

കാരോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2016-17**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

**e-mail: lfadtvm@yahoo.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1657(എ) /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

ഇമെയിൽ - lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in തീയതി : 16.8.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാരോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരോട് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികൾക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.1/ 1657(എ)/2017 തീയതി: 16.8.2017

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനാ വിധേയമാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ എ.ജമാലുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10.07.2017 മുതൽ 17.07.2017

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ. സഞ്ജയ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

: ശ്രീ. അരുൺ സി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

: ശ്രീ. ഷിംജി ജി, ഓഡിറ്റർ

: ശ്രീ. രാജു എസ് ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ലതാ ഷിജു. | 01/04/2016മുതൽ 21/11/2016വരെ |
| | ശ്രീമതി ബിനു സി ബി | 22/11/2016മുതൽ 15/12/2016വരെ |
| | ശ്രീമതല അനിത ബി | 16/12/2016 മുതൽ 31/03/2017 വരെ |
| സെക്രട്ടറി | ശ്രീ. തുളസീധരൻ നായർ | 01/04/2016മുതൽ 14/07/2016വരെ |
| | ശ്രീ. രമേഷ് ജി | 15/07/2016മുതൽ 04/01/2017 FNവരെ |

| | | |
|---|---|---|
| | ശ്രീ. സതീഷ് കുമാർ | 04/01/2017ANമുതൽ 31/03/2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.കൃഷ്ണകുമാരി.ആർ | 01/04/2016 മുതൽ 03/08/2016 വരെ |
| | ശ്രീമതി ശശികല | 04/08/2016 മുതൽ 31/03/2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>എ സർക്കിൾ | ശ്രീ. ജോസഫ് ആർ ഷാരോൺ | 01/04/2016 മുതൽ 31/03/2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബി സർക്കിൾ | ശ്രീ.ആനന്ദ് ശങ്കർ | 01/04/2016 മുതൽ 15/11/2016 വരെ |
| | ശ്രീ. ജിനേഷ് ജെ എസ് | 16/11/2017 മുതൽ 31/03/2017വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി. അനിത | 01/04/2016 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ലിനിറ്റ പി. മെർലിൻ | 01/04/2016 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രാധികാ റാണി | 01/04/2016 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഷൈൻ | 01/04/2016 മുതൽ 31/03/2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. കൃഷ്ണകുമാരി<br>ശ്രീമതി വിജയ ലക്ഷ്മി | 01/04/2016 മുതൽ 03/07/2016 വരെ<br>04/07/2016 മുതൽ 31/03/2017വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അജയ്. എൽ ഹാർഡിൻ | 01/04/2016 മുതൽ 31/03/2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.ഗോപകുമാർ | 01/04/2016 മുതൽ 15/09/2016 വരെ |
| | ശ്രീ. ശിവനേശൻ | 16/09/2016 മുതൽ 31/03/2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജയനൻ | 01/04/2016 മുതൽ 31/03/2017വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | <u>ഭാഗം 1</u> | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | <u>ഭാഗം 2</u> | | |
| 12 | ഡി ആൻഡ് ഓ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല | 2-1 | |
| | <u>ഭാഗം 3</u> | | |
| 13 | പഞ്ചായത്ത് വാഹന പരിപാലനം - അപാകതകൾ | 3-1 | |
| 14 | സ്റ്റോക്ക് രജിസ്റ്ററിലെയും യഥാർഥ സ്റ്റോക്കിലെയും എണ്ണത്തിൽ വ്യത്യാസം | 3-2 | |
| 15 | ഫ്രണ്ട് ഓഫീസിനായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ | 3-3 | |

| | | | |
|---|---|---|---|
| | നശിക്കുന്നു | | |
| 16 | അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രതിഫലം നൽകി | 3-4 | |
| 17 | അങ്കണവാടിക്കായി ഭൂമി വാങ്ങൽ – നടപടി ക്രമങ്ങൾ പാലിച്ചില്ല | 3-5 | |
| 18 | ആട് വളർത്തൽ പദ്ധതി - രേഖകളില്ലാതെ ആനുകൂല്യം നൽകി | 3-6 | |
| 19 | ആട്ടു വളർത്തൽ പദ്ധതി (വനിത) നടപ്പാക്കിയതിൽ അപാകം | 3-7 | |
| 20 | തൊഴിലുറപ്പ് - അവലോകനം | 3-8 | |
| | ഭാഗം 4 | | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് പാസ്സാക്കിയ നം. / തീയതി    തീരുമാനം നം.1/08.03.2016

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 16/06/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1- ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 12236917/-

വരവ് : 66375364/-

ആകെ : 78612281/-

ചെലവ് : 63024785/-

നീക്കിയിരിപ്പ് : 15587496/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16890610 | 16890610 | 16890610 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | | 3964011 | 3964011 | 3964011 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 2638758 | 2638758 | 2638758 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 3119458 | 3119458 | 3119458 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10699568 | 10699568 | 10699568 | 0 | 100 |
| എം.എൻ.ആർ ഇ.ജി. എസ്. | 26208 | 1710816 | 1737024 | 1676887 | 60137 | 97 |
| ബി ഫണ്ട് | 0 | 1325040 | 1325040 | 1325040 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.ജി എസ്.ഡി.പി. | 0 | 1638753 | 1638753 | 1638753 | 0 | 100 |
| ഐ.സി.ഡി.എസ്. | 0 | 1169968 | 1169968 | 1169968 | 0 | 100 |
| ശുചിത്വമിഷൻ | 0 | 1875423 | 1875423 | 1875423 | 0 | 100 |
| സാക്ഷരത | 19628 | 130861 | 150489 | 129700 | 20789 | 86 |
| ട്രഷറി റ്റിഎസ്സി | 9458275 | ---- | 9458275 | 1902208 | 7556067 | |
| തനത് ഫണ്ട് | 2732806 | 21212098 | 23944904 | 16108001 | 7950503 | |
| ആകെ | 12236917 | 66375364 | 78612281 | 63024785 | 15587496 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 89425305 | 123 | 48274031 | - | 58 | 67.95 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 787730 | 894845 | 107115 | |
| കെട്ടിട നികുതി | 1336724 | 1861023 | 524299 | |
| വിനോദ നികുതി | - | - | - | |
| പരസ്യ നികുതി | - | - | - | - |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 241998 | 77693 | 164305 | |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | - | - | - | |
| ഡി & ഒ ലൈസൻസ് | 45800 | 51650 | 5850 | |
| മറ്റുവരവുകൾ | 472041 | 1123490 | 651449 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1235040 | 1378 |
| കർഷകതൊഴിലാളി പെൻഷൻ | 15086200 | 145301 |
| വിധവാപെൻഷൻ | 10727170 | 8112 |
| വാർദ്ധക്യകാലപെൻഷൻ | 23583155 | 16578 |
| വികലാംഗപെൻഷൻ | 8172710 | 6543 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 531690 | 459 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2017 ന് 10.30AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5598/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഡിമാൻഡ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എന്നിവ ശരിയായി പരിപാലിക്കുന്നില്ല. ഓഫീസിന്റെ ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതുണ്ട് .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/05/2017 | 31/03/2017 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13/03/2017-27/03/2017 | 2011-12 to 2015-16 | |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി & ഒ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് ഉണ്ടായിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് 2016-17ൽ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

1. സുരേഷ്കുമാർ, കുള്ളത്തടി വീട്, പൊഴിയൂർ (പി.ഒ.), ഫർണ്ണീച്ചർ
2. ഷിന്റോ. എസ്.എൽ., ടെക് നോ സ്പെയ്സ്, റോസ് വില്ല, പഴയ ഉച്ചക്കട,
3. കബീർ.എം., എം.ആർ. ഫർണീച്ചർ
4. നെൽസൺ, സ്റ്റേഷനറി വ്യാപാരം.
5. സുബൈറുദ്ദീൻ, എ.ജെ. ട്രേഡേഴ്സ്
6. മോഹനസുന്ദരരാജ്, ഹോളി റൈസ് മിൽ.
7. സജിമോൻ, ഫർണ്ണീച്ചർ, പരുത്തി വിള വീട്, കാക്കവിള (പി.ഒ )
8. എ. സെയ്യദലി, എൻ.എൻ. ഫ്ലവർ മിൽ
9. വൈ ദേവദാസൻ, നിർമ്മൽ ഭവൻ, പരുത്തിവിള, അയിര. (പി.ഒ )
10. ശശികുമാർ, അയ്യപ്പസദനം, കാക്കവിള (പി.ഒ.) വെൽഡിംഗ് വർക്ക് ഷോപ്പ്.
11. ഡി. വെസ്റ്റർ ജോൺ,ജബിഷ കോട്ടേജ്, ചൂഴാൽ
12. രാജു. റ്റി.റ്റി., പെരുംകുടിവിള വീട്, ഫാത്തിമപുരം.
13. അനിൽകുമാർ. ജി., എം.ആർ.എ. എഞ്ചിനീയറിംഗ് വർക്സ്
14. റ്റി. വിശ്വനാഥൻ , വി.എസ്. ഭവൻ, കാക്കവിള (പി.ഒ.) ബേക്കറി വാർഡ് XVII
15. രാജേഷ് സത്യൻ, സ്റ്റീൽ ഫാബ്രിക്കേഷൻ വർക്സ്
16. ശ്രീകുമാരൻ, മൊബൈൽ ഷോപ്പ്, എസ്.എസ് ഭവൻ, ഉച്ചക്കട
17. സെക്രട്ടറി, ക്ഷീര സഹകരണ സംഘം, അയിര
18. സുനിൽകുമാർ. എസ്, ഏയ്ഞ്ചൽ സ്റ്റോർ.
19. റ്റി. വിശ്വനാഥൻ, സെലിൻബേക്കറി, വാർഡ് X
20. എം. പ്രവീൺ, മാർജിൻ ഫ്രീ മാർക്കറ്റ്.
21. സി. സജയ്, ജെ.എസ്.ബി. ട്രേസിംഗ്.
22. സി. പ്രഭാകരൻ, സ്മാർട്ട് മോട്ടോഴ്സ്.
23. സി. രവീന്ദ്രൻനായർ, ലാൽ ബേക്കറി

24. സാംരാജ്, മൊബൈൽ സർവ്വീസ്.
25. എ. മണികണ്ഠൻ, പലവ്യഞ്ജന വ്യാപാരം, ശ്രീ നന്ദനം, കുന്നുപുറം.
26. ബൈജു, പാവാരവീട്, കാക്കവിള (പി.ഒ.)ബേക്കറി
27. എം. ശ്രീകുമാർ, എള്ളുവിള വീട്, ആയൂർ, ഫർണീച്ചർ.
28. ജെ. റാബി, പള്ളത്തുമേപ്പുറം, എള്ളുവിള പുത്തൻവീട്, അയിര (പി.ഒ.)
29. ബിനോളിൽ പ്രസാദ്, ചണവിള വീട്, കാരോട്, ഡ്രൈവിംഗ് സ്കൂൾ.
30. രാജേന്ദ്രൻ. സി., സി.ആർ.ജെ.എസ് ഭവൻ, അമ്പിലിക്കോണം, ഫാൻസി സ്റ്റോർ
31. സുരേഷ് രാജ്, കാർമ്മൽ ടൈൽസ്
32. സെക്രട്ടറി, വടക്കേ പുതുവീട്, ക്ഷീര സഹകരണ സംഘം, കാക്കറവിള
33. എം. വിശ്വംഭരൻ നായർ, വിശ്വസദനം (വളം, കീടനാശിനി)
34. സാംസുജിൻ, സ്റ്റാർ ഇലക്ട്രിക്കൽസ്.
35. റീന.എസ്.ജെ., വിളകത്തിൽ ഓട്ടോ മൊബൈൽസ്.
36. നൂറുൽഅമീൻ, നാംസ്, വാളാകുളം, പ്രസന്റേഷൻ സാധനങ്ങൾ.
37. ലതകുമാരി. ഒ.പി., ശരവണപൊയ്ക, കുന്നിയോട് (ആയുർവേദ മരുന്ന്)
38. ശശി.എൽ., എസ്.എസ്. ഭവൻ, പുഴക്കാട്, അയിര (പി.ഒ.) പലവ്യഞ്ജനം.
39. ഗ്രേസി, നിരഞ്ജൻ ഓഫ് സെറ്റ് പ്രസ്.
40. എൽ. അമ്പിളി, പ്രൊവിഷൻ സ്റ്റോർ, പ്ലാമൂട്ടുക്കട
41. സി. ശ്രീകുമാർ, ശ്രീകാന്ത് ഭവൻ, ചെങ്കവിള (ഓയിൽ മിൽ)
42. അജയഘോഷ്, ഇന്ത്യൻ ടെക്സ്.
43. സരസു, മരുതംകുഴിവിള വീട്, കാക്കവിള (പി.ഒ.) (ബേക്കറി)
44. സലീം. എച്ച്. ചാമവിള വീട്, പൊഴിയൂർ (പി.ഒ.) (ചെരുപ്പുകട)
45. ഗിരിജകുമാരി. ജി., ഡിജി നിവാസ്, ചെങ്കവിള (ഫാൻസി സ്റ്റോർ)
46. ശിവകാമി സുമ, ഇലങ്കത്തറ വീട്, അയിര (പി.ഒ.) (ബ്യൂട്ടി ക്ലിനിക്ക്)
47. സഹദേവൻ. സി., മണലി കിഴക്കേപുത്തൻവീട്, പഴയഉച്ചക്കട
48. കനകരാജ്, തച്ചൻവിള വീട്, മെതുകുമ്മൽ (പിഒ.) (അരി വിലപ്പന)
49. സജിമോൻ, എസ്.ആർ. ഫർണ്ണീച്ചർ.
50. പി.ബഷീർ, ഷിഹാക്ക് മൻസിൽ, കാവുവിള (ഗ്ലാസ് കച്ചവടം )
51. ക്രിസ്തു ദാസ്, ദീപ സ്റ്റുഡിയോ.
52. എം. കമൽരാജ്, കെ. ആർ. മെറ്റൽസ്.
53. ജോൺ രാജ്. റ്റി, അനന്തപുരി ഫാസ്റ്റ് ഫുഡ്.
54. തങ്കമണി ആർ., രാമകൃഷ്ണവിലാസം, കാരോട് (തുണിക്കട)
55. അമ്പിളി, വാറുവിള പുത്തൻവീട്, കുളത്തൂർ (ബാർബർ ഷോപ്പ്)
56. ജയരാജൻ. എസ്.എസ്., അവിട്ടം, അയിര (ഇലക്ട്രിക് കട)
57. വേലപ്പൻ നായർ. വി, നന്ദനത്തിൽ, എരിച്ചല്ലൂർ (ബേക്കറി)

58. ഷിനു., ടൂവീലർ ഷോറൂം, വാർഡ് XVII

59. ജസ്റ്റിൻ രാജ്, ഹെബ്രോൺഭവൻ, കോവിൽവിള (കെട്ടിട നിർമ്മാൺ സാധനം)

60. ജസ്റ്റിൻ രാജ്, “ “ (പലവ്യഞ്ജനക്കട )

61. എം. ഫ്രാൻസിസ്, എം. എഫ്. ട്രേഡേഴ്സ്.

62. ഷിബുദേവ്, ദേവ് നിവാസ്, എറിച്ചല്ലൂർ (പലവ്യഞ്ജനം)

63. സെൽവരാജ്, പള്ളത്ത് മേൽപ്പുറം, അയിര (പി.ഒ.) (ഫാസ്റ്റ് ഫുഡ്)

64. രാജഗോപാൽ, കവിതാലയം, കമ്പ്രറവിള (ബാർബർ ഷോപ്പ്)

65. ഡോ. കെ.എൽ. വരുൺ, ലളിതാ ഭവൻ ( ആയുർവേദ ആശുപത്രി)

66. പി.ജോൺ, നെല്ലിവിള വീട്, കുളത്തൂർ (മോട്ടോർ വാടകയ്ക്ക്)

67. അന്ത്രയോസ്, അജിൻഭവൻ, എറിച്ചല്ലൂർ (പലവ്യഞ്ജനക്കട)

68. അലക്സ് ഡി, കീഴേമണലിപുത്തൻവീട്, കാരോട് (പി.ഒ ) ഫർണ്ണീച്ചർ

69. ജോസ്. സി., ഊരമ്പ് (പലവ്യഞ്ജനം)

70. ഷീജ. കെ., ജോബിൻ ടെക്സ്റ്റയിൽസ്.

71. എ.വി.കണ്ണൻ,ഹോട്ടൽ.

72. യേശുദാസൻ. എസ്., മേലേകുഴിഞ്ഞവിള, കാക്കവിള (വളം, കീടനാശിനി)

73. ഉദയകുമാർ., സ്പെയർ ഹാർട്ട്സ്.

74. ഉദയകുമാർ, വർക്ക് ഷോപ്പ് (മൈക്കൽ മോട്ടോഴ്സ്)

75. എൽ. സ്റ്റീഫൻ, ലൈസ ഏജൻസീസ്.

76. സജേഷ് കുമാർ. , സൺടോപ്പ് ഏജൻസീസ്

77. എസ്. സജേഷ് കുമാർ, സൺടോപ്പ് ഏജൻസീസ്.

78. എസ്. മോഹനൻ നായർ, സരോജിനി ഭവൻ, കാരോട് (ഫാൻസി കട)

79. ജോൺസൻ, പാവാറ, കാക്കവിള പി.ഒ. ( പലവ്യഞ്ജനം)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 4 ന് ടി സ്ഥാപനങ്ങളിൽ 10ലേറെ സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതാണെന്നും 16 സ്ഥാപനങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക ഉൾപ്പെടെ ഈടാക്കി ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളുടെ പേര് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ ലൈസൻസ് പുതുക്കിയവയുടെ പേരു വിവരം, ബാക്കി സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയതിനു ശേഷം വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള ഡി & ഒ ലൈസൻസ് നൽകേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കേണ്ടതും ലൈസൻസ് പുതുക്കി ഫീസ് ഒടുക്കു വരുത്താത്ത സ്ഥാപനങ്ങൾക്കെതിരെ മേൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് വാഹന പരിപാലനം - അപാകതകൾ

- പഞ്ചായത്ത് വാഹനം ഇടയ്ക്കിടയ്ക്ക് റിപ്പയർ ചെയ്യുന്നുണ്ടെങ്കിലും റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

- വാഹനത്തിൽ ഇന്ധനം ഫുൾ ടാങ്ക് നിറക്കുന്നില്ല
- ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല
- ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ് . വാഹനപരിപാലനം സംബന്ധിച്ച സ.ഉ.(എം.എസ്.)170/07/ ത.സ്വ.ഭ.വ. തീയതി 30.6.2007ലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-2 സ്റ്റോക്ക് രജിസ്റ്ററിലെയും യഥാർഥ സ്റ്റോക്കിലെയും എണ്ണത്തിൽ വ്യത്യാസം

സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റ പണികൾ നിർവ്വഹിക്കുന്നതിനായി തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി പദ്ധതി രൂപീകരിക്കുകയും ടെൻഡർ നടപടികളിലൂടെ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. ഇത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റോക്ക് രജിസ്റ്ററിലെ ബാക്കിയുള്ള ഉപകരണങ്ങളുടെ എണ്ണവും സ്റ്റോക്ക് റൂമിൽ കാണപ്പെട്ട ഉപകരണങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തക്കേടുകൾ കാണപ്പെട്ടു.

| ഉപകരണം | സ്റ്റോക്ക് രജിസ്റ്റർ പ്രകാമുള്ള എണ്ണം | സ്റ്റോക്ക് റൂമിൽ ഉണ്ടായിരുന്നത് | വ്യത്യാസം | വ്യത്യാസമുള്ള ഉപകരണത്തിന്റെ ആകെ മൂല്യം |
|---|---|---|---|---|
| tube light (Rs.38) | 730 | 620 | 110 | 4180/- |
| sv ignitor (Rs.182) | 5 | 2 | 3 | 546/- |
| Capacitor (Rs.220) | 5 | 3 | 2 | 440/- |

ഇങ്ങനെ വ്യത്യാസം വന്നതിന്മേൽ വിശദീകരണം നൽകേണ്ടതാണ്

## 3-3 ഫ്രണ്ട് ഓഫീസിനായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിക്കുന്നു

പ്രോജക്റ്റ് നം. എസ്. ഓ. 148/16

ഫ്രണ്ട് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട വികസന ഫണ്ട് ഉപയോഗിച്ച് സ്പിൽ ഓവർ ആയി പദ്ധതി തയ്യാറാക്കി 2016 ജനുവരി, മാർച്ച്, മേയ് മാസങ്ങളിലായി 3 സ്കാനർ, 4 പ്രിൻറർ, 1കമ്പ്യൂട്ടർ, 1 എക്സ്റ്റേണൽ ഹാർഡ് ഡിസ്ക് ഡ്രൈവ് എന്നിവ വാങ്ങിയിരുന്നു. ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- വാങ്ങിയതിൽ 2 സ്കാനറുകളും ഒരു കമ്പ്യൂട്ടറും നാളിതുവരെയായി ഉപയോഗിച്ചിട്ടില്ല.



*Illustration 1: Canon Scanner*


*Illustration 2: HP Scanner*

സർക്കാരിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ സേവനങ്ങൾ വേഗത്തിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായാണ് ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത്. എന്നാൽ ഇവ ഉപയോഗിക്കാതിരിക്കുന്നതും ശരിയായി പരിപാലിക്കാതിരിക്കുന്നതും സർക്കാരിന്റെ ഫണ്ട് ദുരുപയോഗം ചെയ്യുന്നതിന് തുല്യമാണ്.

ആയതിനാൽ മേൽ പറഞ്ഞ വിഷയത്തിൽ വിശദീകരണം നൽകേണ്ടതാണ്

## 3-4 അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രതിഫലം നൽകി

ചെക്ക് നമ്പർ : 675358 തീയതി : 23.6.2016 തുക: 5000

വെൺകുളം ബണ്ട് പാലം തകർന്നതിന്റെ ഫലമായി താൽക്കാലിക പാലം നിർമ്മിക്കുന്നതിനായി രണ്ടു തെങ്ങുകൾ മുറിച്ചു മാറ്റുകയും ടി തെങ്ങിൻ തടി ഉപയോഗിച്ച് താൽക്കാലിക പാലം ക്രമീകരിക്കുകയും ചെയ്തു. ഈ പ്രവർത്തിക്കായി 5000രൂപ നല്കാൻ പ്രസിഡന്റ് നിർദേശിക്കുകയും എന്നാൽ ഈ തുക ചെലവഴിക്കുന്നതിനു അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ പ്രതിഫലം നൽകാനുള്ള കമ്മിറ്റി തീരുമാന പ്രകാരം പ്രതിഫലം നൽകി. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 3) മറുപടി ലഭിച്ചില്ല. അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ചെയ്ത പ്രവർത്തിക്കു പ്രതിഫലം നൽകിയത് ക്രമവിരുദ്ധമായി നടപടിയാണ്. ആയതിനാൽ ഇതിനായി ചെലവഴിച്ച 5000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 അങ്കണവാടിക്കായി ഭൂമി വാങ്ങൽ – നടപടി ക്രമങ്ങൾ പാലിച്ചില്ല

113, 107 നമ്പർ അങ്കണവാടിക്കായി യഥാക്രമം 2സെന്റ്, 3സെന്റ് വിസ്തൃതിയുള്ള ഭൂമി വാങ്ങി. സ.ഉ.നം.9/2008/ 07.01.2008 അനുസരിച്ചു ഭൂമി വാങ്ങുമ്പോൾ പാലിക്കേണ്ട താഴെ പറയുന്ന നടപടി ക്രമങ്ങൾ പാലിച്ചില്ല

1) ബന്ധപ്പെട്ട അധികാരിയിൽ നിന്നും സ്യൂട്ടബിലിറ്റി സട്ടിഫിക്കറ്റ്

2) ടി ഭൂമികളിന്മേൽ ഏതെങ്കിലും വിധത്തിലുള്ള വ്യവഹാരങ്ങൾക്കോ മറ്റോ സാധ്യതയുണ്ടോ എന്ന ഗവ. പ്ലീഡറുടെ സർട്ടിഫിക്കറ്റ്

3) 113നമ്പർ അങ്കണവാടിക്കായി വാങ്ങിയ ഭൂമിയുടെ ബാധ്യത രഹിത സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയില്ല.

## 3-6 ആട്ടു വളർത്തൽ പദ്ധതി - രേഖകളില്ലാതെ ആനുകൂല്യം നൽകി.

കാരോട് ഗ്രാമപഞ്ചായത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമം മുൻനിർത്തിയും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണിത്. വനിതകൾ, പട്ടികവിഭാഗം, വികലാംഗർ, വൃദ്ധർ എന്നീ വിഭാഗങ്ങളിൽപ്പെട്ട 50000/- രൂപയിൽ കുറവു വാർഷിക വരുമാനമുള്ളവരാണ് പദ്ധതിയുടെ പരിധിയിൽവരുന്നത്.

പദ്ധതിയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ ന്യൂനതയുള്ളതാണ്. വരുമാന സർട്ടിഫിക്കറ്റ് ഇല്ലാതെയും സമ്മതപത്രത്തിൽ ഗുണഭോക്താവിന്റെ ഗുണഭോക്താവിന്റെ ഫോട്ടോ പതിക്കാതെയുമുള്ള അപേക്ഷകർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. നിശ്ചിത വരുമാനക്കാർക്കായുള്ള പ്രസ്തുത പദ്ധതിയിൽ വരുമാനം തെളിയിക്കാനുള്ള രേഖയില്ലാതെ ആനുകൂല്യം നൽകിയത് പ്രോജക്ട് നിർവഹണങ്ങളിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന് ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ല. ഭാവിയിൽ നിയമാനുസരണം ആവശ്യമായ രേഖകൾ ലഭ്യമാക്കി മാത്രം ആനുകൂല്യം വിതരണം ചെയ്യാൻ നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ആട്ടു വളർത്തൽ പദ്ധതി (വനിത)- നടപ്പിലാക്കിയതിൽ അപാകം

പഞ്ചായത്ത് പരിധിയിലെ വരുമാനം കുറഞ്ഞ വനിതകളുടെ ക്ഷേമത്തിനും പാലുല്പാദനം വർദ്ധിപ്പിക്കാനുമായി നടപ്പിലാക്കിയതാണ് ഈ പദ്ധതി. പദ്ധതിയുടെ ഗുണഭോക്താക്കളുടെ കുടുംബങ്ങളിൽ ആടുവാങ്ങലും വിൽക്കലും നടന്നതായി ശ്രദ്ധയിൽപ്പെട്ടു.

ഉദാ. ശ്രീ. എ. ജോൺസൺ, ആശാ നിവാസ്, പൊറ്റപ്പുതുവൽ എന്നയാൾ 9 ആട്ടു വിറ്റു. ഭാര്യയായ ശ്രീമതി അമ്പതയ്ക്ക് ഗുണഭോക്താവെന്ന നിലയിൽ 3 ആട് ലഭിച്ചു.

ഇതു സംബന്ധിച്ച മോണിറ്ററിംഗ് സമിതി, മാർഗ്ഗരേഖ പ്രകാരം നിർവഹണാധികാരിക്കോ പഞ്ചായത്ത് അധികാരികൾക്കോ റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് സമിതി നിയമാനുസൃതം പ്രവർത്തിക്കുന്നുവെന്നും യഥാർത്ഥ ഗുണഭോക്താക്കൾക്ക് മാത്രമേ പദ്ധതി ആനുകൂല്യം ലഭിക്കുന്നുള്ളുവെന്നും ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്.

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ കാർഡ് ഇഷ്യു ചെയ്തവരുടെ എണ്ണം 6201, നൂറ് ദിവസം തൊഴിൽ നൽകിയവരുടെ എണ്ണം 221 മാണ്. മേൽ വർഷം പ്രധാനമായും നടപ്പിലാക്കിയത് ഭൂവികസനം, തോട്, നീർച്ചാൽ പുനരുദ്ധാരണം, ചാനൽ പുനരുദ്ധാരണം, ഫാം പോണ്ട്, കുളം പുനരുദ്ധാരണം എന്നിവയാണ്. 149 പ്രവർത്തികൾ കർഷക ഭൂമിയിൽ ഏറ്റെടുത്ത് ചെയ്യുകയും 2 പ്രവർത്തികൾ പൊതു കുളം വൃത്തിയാക്കുന്നതിനുമായി വിനിയോഗിച്ചു.

നടപ്പു വർഷത്തിൽ മുന്നിരിപ്പായി 26208.5 രൂപയും വരവായി 65104000/- രൂപയും ചെലവായി 65068835/- രൂപയും നീക്കിയിരിപ്പായി 61373.44/- രൂപയുമാണ്. ഈ സാമ്പത്തിക വർഷത്തിൽ ആസ്തികൾ നിർമ്മിച്ചിട്ടില്ല എന്നത് വീഴ്ചയായി വിലയിരുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | പുല്ലുവിള മേലെ | 300000 | 0 | 300000 |

| | | | | | |
|---|---|---|---|---|---|
| | | പറയൻ വിള കുടിവെള്ള പദ്ധതി | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | 273/2010/lsgd dtd:27.01.2010 | 9083607 | 9083607 | 2200000 | -- | 6883607 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| -- | - | - | - | - | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 78612281/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63024785/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5000/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയതുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 5000 | പഞ്ചായത്തു ഭരണസമിതി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരംമേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ശ്രീ ഗോപകുമാർ<br>ശ്രീ ശിവനേശൻ<br>(വെറ്ററിനറി സർജൻ)<br>ശ്രീ.സതീഷ് കുമാർ സെക്രട്ടറി | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2025/05<br>തീയതി : 18.12.2006 | 1 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1597/07<br>തീയതി :10.04.2007 | 0 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2012/07<br>തീയതി 11.04.2008 | 5 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/571/09<br>തീയതി :22.08.2009 | 2 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/572/09<br>തീയതി :24.04.2009 | 3 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/572/09<br>തീയതി :24.04.2009 | 6 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1193/11<br>തീയതി : 25.01.2012 | 1 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1193/2011<br>തീയതി :25.01.2012 | 4 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1916/13<br>തീയതി :15.11.2013 | 16 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/386/15<br>തീയതി :19.04.2016 | 12 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/952/16<br>തീയതി :02.07.16 / 11.08.16 | 12 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.1/2104/16 തീയതി 9.12.2016 | -- | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകൾ

1. വോളന്ററി കോൺട്രിബ്യൂഷൻ ഓപ്പണിങ് ബാലൻസ് 19,949/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പദ്ധതിയിൽ 18,152/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.
2. ഫണ്ടിലെ ക്ലോസിങ് ബാലൻസ് 61,473/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പദ്ധതിയിൽ 60,137/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്